**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 150** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>ചിറങ്ങരയിൽ ശബരിമല ഇടത്താവള നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സനീഷ്കുമാർ ജോസഫ് ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ചാലക്കുടി മണ്ഡലത്തിലെ ചിറങ്ങരയിലെ ശബരിമല ഇടത്താവളത്തിന്റെ നിർമ്മാണം എത്ര ശതമാനം പൂർത്തീകരിച്ചുവെന്നും എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ; ശേഷിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**<u>മറുപടി:</u>** ചിറങ്ങരയിലെ ശബരിമല ഇടത്താവളത്തിന്റെ നിർമ്മാണം 93% പൂർത്തീകരിച്ചുവെന്നും, റോഡ് നിർമ്മാണം, സെപ്റ്റിക് ടാങ്ക്, ചുറ്റമതിൽ ഉടങ്ങിയ പുറംഘട്ട നിർമ്മാണ പ്രവൃത്തികളാണ് ശേഷിക്കുന്നതെന്നും, കിഫ്ബിയിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുവാൻ കഴിയുമെന്നും പദ്ധതിയുടെ പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റ് (PMC) ആയ എൻ.ബി.സി.സി(ഇന്ത്യ) ലിമിറ്റഡ് അറിയിച്ചിട്ടുണ്ട്.

**(ബി)** പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങൾ നിലച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പുനരാരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

**<u>മറുപടി:</u>** നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനായി സർക്കാരും, തിരുവിതാംകൂർ ദേവസ്വം ബോർഡും, എൻ.ബി.സി.സി(ഇന്ത്യ) ലിമിറ്റഡ്-ഉം തമ്മിൽ ഏർപ്പെട്ടിരുന്ന ത്രികക്ഷി കരാറിന്റെ കാലാവധി ദീർഘിപ്പിക്കുന്നതിനും, ആവശ്യമായ ഫണ്ട് കിഫ്ബിയിൽ നിന്നും ലഭ്യമാക്കുന്നതിനും 14.08.2026 -ന് ബഹു.ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര നടപടികൾ സ്വീകരിച്ചുവരികയാണ്.

**സെക്ഷൻ ഓഫീസർ**